# യാചകൻ

## ആരന്മുളി

T61 / 13

T61 / Ar 13

# YACHAKAN

DHARMARAM COLLEGE LIBRARY, BANGALORE.
19737
TG1
Ar 13

# യാചകൻ

(ഖണ്ഡകാവ്യം)

AUTHOR:-

# സിറിയക്ക് ആരമ്പുളി

PUBLISHERS:-

ആരമ്പുളിഗ്രന്ഥാലയം

പൂഞ്ഞാർ.

ഒന്നാം പതിപ്പ്.

കോപ്പി 1000 വില 50 nP.

എഡേസ്സാ പ്രസ്സ്, കോട്ടയം.

ആരമ്പുളിഗ്രന്ഥാലയം വക

ആദ്യത്തെ പ്രസിദ്ധീകരണം.

“ഹന്ത, സമാധാനം ആയതിനായിനാ-
മെന്തെന്തുറക്കെ നിലവിളിപ്പൂ
ഹന്ത, സമാധാനം ലഭ്യമാകാൻപ്രതി-
ബന്ധമെന്നാരാനുമാരാഞ്ഞുവോ”

(യാചകൻ)

# അവതാരിക

**സാഹിത്യതിലകൻ, റൈററ് റവ: ഷെവലിയർ, ഫാദർ, C. K. മററം. K. H. S; M. R. A S; F. R. S. A;**

ഒരു പത്രാധിപരുടെ അപേക്ഷാനുസരണം ശ്രീ ആരമ്പുളിയുടെ "ബെർണഡെ" എന്ന ഖണ്ഡകാവ്യം ഞാനോടിച്ചൊന്നു നോക്കിയിരുന്നു അകവും പുറവും ഏതാണ്ടു കണ്ടശേഷം, മററു കാവ്യകൃതികളുടെ ശേഖരത്തിലതും പെട്ടുവശായി. നിരൂപണമെഴുതണമെങ്കിൽ കൃതി ആപാദചൂഡം വായിക്കാതെ തരമില്ലല്ലോ.

'ബർണഡെ' യുടെ പുറം ചട്ടയിൽ "തയ്യാറായി വരുന്നു" മറെറാരു കൃതി എന്നുള്ള വിജ്ഞാപനവും എൻെറ ദൃഷ്ടിയിൽ പെട്ടിരുന്നതാണ്. അങ്ങനെയിരിയ്ക്കവേ, കവി ആദ്യത്തെ സ്രീ സന്താനത്തെയും പിന്നീടുണ്ടായ പുത്രാപത്യത്തേയും ഒരുമിച്ചിങ്ങയച്ചുതന്നു. പ്രഥമ ജാതം സ്രീപ്രജയാകയാലായിരിക്കാം, വേഷഭൂഷാദികളിൽ ജനകൻ വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചു. ഇതു് നേരത്തെ ഞാൻ ഗ്രഹിച്ചുമിരുന്നു.

ശ്രീ സിറിയക്കിനു് കവിതാകാമിനിയുമായി വേഴ്ച

നേടാനുള്ള കഴിവുണ്ടെന്ന് നിസ്സംശയമാണ്. വാസന കൂടാതെ കവികൾ ജനിയ്ക്കുകയില്ല. പരിശ്രമവും പാണ്ഡിത്യവും സിദ്ധിക്കാതെ ഉത്തമകവികളുമുണ്ടാകയില്ല. സരസ്വതിയെ പൂജിക്കുന്തോറും ആ ദേവി അടുത്തടുത്തു വരും. സഖി ലക്ഷ്മിയങ്ങനെയല്ലാ സേവതുടങ്ങുന്നതും അവളകലുന്നതും ഒരുമിച്ചു കഴിയും. ലക്ഷ്മിയെ ആരാരുപേക്ഷിയ്ക്കുമോ അവളടുത്തടുത്തുവന്നു തലയിൽ കയറും വിചിത്രമല്ലേ?

ശ്രീ സിറിയക്കിന്റെ പ്രഥമ കൃതിക്ക് സാഹിത്യരസികാസ്വാദനം ലഭിച്ചു കഴിഞ്ഞിട്ടുണ്ട്. അവളുടെ കൊച്ചാങ്ങളയാണ് ബനഡിക്റ്റലാബർ "ബർണഡെ" ഒരു കൊച്ചു മിടുക്കി; സുഭഗയുവതി, 'ലാബർ' ഒരു നല്ല മിടുക്കൻ, ഒരു പുണർവാൻ. അവർ ആങ്ങളയും പെങ്ങളും. പെങ്ങൾക്ക് സ്ത്രീക്കനുരൂപമായ വേഷഭൂഷാദികൾ ലഭിച്ചിട്ടുണ്ട്. ആങ്ങളയ്ക്ക് അലങ്കാരങ്ങൾകുറയും. പക്ഷെ തത്വോപദേശകനാണ്. കഴമ്പുള്ള ആശയങ്ങളണി, നിരക്കുന്നു.

"മേഞ്ഞുനടന്നിടുമാട്ടമാടാദികൾ
വന്നാശ്ഞവിശ്രമം തേടിക്കൊൾവാൻ
പത്രനിബിഡമാം വിസ്തൃതശാഖികൾ
തത്ര വിരിച്ചവർ നിന്നിടുന്നു."

ശാലീനവും മൃദുലവുമായ ഒരു ശൈലിയും സൂക്ഷ്മമായശയ്യയും ഈ പാദങ്ങളിൽ അപ്രതിഹതമായങ്ങനെ പ്രവഹിക്കുന്നില്ലേ? ദ്വിതീയാക്ഷരപ്രാസത്തിന്റെ അഭാവമൊട്ടു സ്ഫുരിക്കുന്നുമില്ല.

"നിസ്തുലസ്നേഹമേ! നീ ജയിക്കു.
കണ്ടാലും മർത്ത്യരേ! കന്മഷമല്പവും
തീണ്ടാത്ത സ്നേഹത്തിൻ സൽഫലങ്ങൾ.
ഹന്ത കുബേരാ! നീ തമ്പുരാൻ തന്നുടെ
സമ്പത്തുതൻ 'ട്രസ്റ്റി' മാത്രമെന്നു
ചിന്തിച്ചു വർത്തിക്കയൊന്നെങ്കിലീവിശ്വ
മന്നൊരു സ്വർഗ്ഗമാണെന്നറിക."

ഇങ്ങനെ അർത്ഥസമ്പുഷ്ടവും കാലാനുകൂലവുമായ ഈരടികൾ ഈ ഖണ്ഡകാവ്യത്തിനു മാററു കൂട്ടാതിരിക്കുന്നില്ല പ്രാസാനുപ്രാസങ്ങളുടെ ചമൽക്കാരഭംഗിയുംഅർത്ഥാലങ്കാരങ്ങളുടെ കുളുർമ്മയും ഈ കാവ്യത്തിൽ ഇടയ്ക്കിടെ പ്രശോഭിക്കുന്നുണ്ടു്.

ശബ്ദാലങ്കാരലാവണ്യം
അർത്ഥാലങ്കാരപൗഷ്കലും

രണ്ടും കവിതയിൽ ഒത്തിണങ്ങണം. ഒന്നു് ആപാതമധുരവും മററത്തു് ആലോചനാമൃതവും. വാസനയും പാ

ണ്ഡിത്വവും ഒന്നു ചേർന്നുരുന്ന കവിത വായിയ്ക്കുവാൻ രസം, ആ രസാനുഭൂതി വിജ്ഞാനസമ്മിളിതവും.

സാത്വികതത്വവും സദാചാര നിഷ്ഠയും കാവ്യസാമ്രാജ്യത്തു നിന്ന് ഈയിടെ നിഷ്ക്കാസിതമായോ എന്നു ശങ്കിക്കുന്നവർകുറെയെങ്കിലും കാണും. അവർക്ക് "യാചകൻ" കൂടുതൽ പ്രിയംകരനായിരിക്കും.

കവികുലത്തിലേക്കും സാഹിത്യലോകത്തേയ്ക്കും പണ്ഡിതന്മാർ കൈയ്യുപിടിച്ച് ശ്രീ. സിറിയക്കിനെ പ്രതിഷ്ഠിച്ചു കഴിഞ്ഞിരിക്കയാണല്ലോ. ആ സ്ഥിതിക്ക് ഈ ദ്വിതീയ കൃതിയ്ക്ക് പ്രത്യേകമൊരവതാരികയുടെ ആവശ്യം കാണുന്നില്ല.

ഫാദർ സി. കെ. മററം (ഒപ്പ്)

കുറവിലങ്ങാട്ട് }
30-10-'54 }

# അഭിപ്രായം.

(പ്രൊഫസർ, സി. ഐ. രാമൻനായർ, B. A.)

'ബനഡിക്ററ്ലാബർ' എന്ന ത്യാഗിവര്യൻെറ ജീവചരിത്രം, ലളിതസുന്ദരമായ ഒരു ചെറുകാവ്യത്തിൽ കൂടി, ഇതാ പ്രകാശിപ്പിക്കപ്പെടുന്നു. നിസ്വാൎത്ഥമായ ജീവിതത്തിൻെറ മഹനീയത വാഴ്ത്തിപ്പാടുവാനും, അത്തരം ജീവിതമാൎഗ്ഗത്തിലേക്ക് ഉദാത്തരായ സജ്ജനരെ ആകർഷിക്കുവാനും, ഈ കാവ്യത്തിൽകൂടി. തൽകൎത്താവായ ശ്രീ. സിറിയക്ക് ആരമ്പുളി ചെയ്തിരിക്കുന്ന ശ്രമം നിശ്ചയമായും പ്രശംസാർഹമാണ്. മാനവസമുദായത്തിൻെറ സംസ്കൃതമായ പുരോഗതിയും നിലനില്പും മഹോന്നത വ്യക്തികളുടെ ത്യാഗശീലത്തിലാണ് അടിയുറച്ചിട്ടുള്ളത്. ഈ കാവ്യത്തിലെ കഥാപുരുഷനായ 'ബനഡിക്ററ്' സ്വജീവിതത്താൽ ലോകത്തിന് ആദർശയോഗ്യമായ ഒരു മാതൃകയാണ് സംഭാവന ചെയ്തിരിക്കുന്നത്.

ഈ കഥാവസ്തുവിനെ കൈകാര്യം ചെയ്യുന്ന വിഷയത്തിൽ, ശ്രീ. ആരമ്പുളി കവിസഹജമായ ഭാവനയും മനോധൎമ്മവും വേണ്ടത്ര പ്രകടിപ്പിച്ചിട്ടുണ്ട്. കഥാഗതിയെ ആറുഭാഗങ്ങളായി വിഭജിച്ച് ഏതാണ്ടൊരു നാ

ടകീയത പ്രതിപാദത്തിൽ വരുത്തിക്കൂട്ടിയിട്ടുള്ളതും ഓരോഭാഗത്തിൻെറയും ആരംഭത്തിൽ ബാഹ്യപ്രകൃതിയുടെ ഭാവവൈവിദ്ധ്യങ്ങളെ കഥാഗതിയുമായി കൂട്ടിയിണക്കി ചിത്രീകരണം ചെയ്തിട്ടുള്ളതും, കവിയുടെ കഴിവിനു നിദർശനങ്ങളാണ്. വങ്കപ്രഭുക്കന്മാരോടും, മാതാപിതാക്കന്മാരോടുമുള്ള ഉൽബോധനങ്ങളും, സന്ദർഭോചിതം ചേർത്തിട്ടുള്ള സാന്മാർഗ്ഗിക സൂക്തികളും ഈ ലഘുകാവ്യത്തിൻെറ മേന്മയെ വർദ്ധിപ്പിക്കയത്രെ ചെയ്യുന്നതു്. ശ്രീ. ആരന്മുളിയ്ക്കു് ലളിതവും കോമളവുമായ ഒരു ഭാഷാരീതി അധീനമായിട്ടുണ്ടെന്നു് ഈ കാവ്യത്തിലെ ഏതു ഘട്ടവും തെളിയിക്കുന്നുണ്ടു്. ഈ കൃതിയുടെ കുറവുകളെപ്പററി പരിഗണിക്കുമ്പോൾ, നേരിട്ടുള്ള സന്മാർഗ്ഗോപദേശങ്ങൾ ഉത്തമമെങ്കിലും ഒരു ചെറുകാവ്യമെന്ന നിലയ്ക്കു് അവ അല്പം കൂടിപ്പോയില്ലേ എന്നൊരു സംശയം മാത്രമെ എനിക്കു ഉണ്ടാകുന്നുള്ളു.

ആകെക്കൂടി ശാശ്വതകലാമൂല്യം ഉൾക്കൊള്ളുന്ന ഈ ചെറുകാവ്യത്തിനു് സഹൃദയലോകം സ്വാഗതമരുളുമെന്നാണു് എൻെറ ഉത്തമ വിശ്വാസം.

കോട്ടയം.
19—1—1955.

സി. ഐ. രാമൻനായർ
(ഒപ്പു്)

# യാചകൻ

## 1

നിത്യനഗരമാം റോമാപ്പുരിയിലായ്
ശില്പകലയ്ക്കു മകുടമായി,
ഭക്തജനത്തിന്ന ശാന്തിനികേതമായ്
മുക്തിയരുളിവിളങ്ങിനില്ക്കും,
ഹന്ത! പുകൾപെററൊരംബികാ മേരിതൻ-
'സന്താമരിയ' ദേവാലയത്തിൻ
പൊൻമുഖദ്വാരത്തിൽ മിന്നുംകുരിശിനെ
ചെങ്കതിർ കൈകളാലാശ്ലേഷിപ്പാൻ
വന്നു പകലവൻപൂർവ്വഗിരിതന്നി-
ലന്നൂനമെങ്ങും പ്രകാശം വീശി!

ദൂരത്തുനിന്നതാദേവാലയത്തിൻെറ
നേരേനടന്നടുത്തീടുന്നൊരു

മല്ലാക്ഷിമാർ മണിസുന്ദരിയാം, നല്ല
മുല്ലപ്പൂതോല്ക്കമൂടുപ്പുചാർത്തി

നെൽവയൽതന്നിലേക്കാഞ്ഞുപറക്കുന്ന
സുന്ദരിപ്രാപ്പിടയെന്നപോലെ

എന്തിത്രനേരത്തെയൊററയ്ക്കുപോന്നുതേ.
മങ്കേ! സക്രാരിയിലേകനായി-

തത്രവസിപ്പോരുസത്യസ്വരൂപനാം
ക്രിസ്തുദേവൻതവജീവനാഥൻ

തൻതിരുസന്നിധിയിങ്കലുണർത്തിപ്പാൻ
വല്ലരഹസ്യവുമുള്ളിലുണ്ടോ?

അല്ലെങ്കിലദ്ദിവൃപാദസേവയ്ക്കാവാം
അല്ലീ, നീ വേഗമണഞ്ഞതിപ്പോൾ

പിന്നിൽനിന്നുച്ചത്തിൽപിന്നെയും പിന്നെയും
തന്നിഷ്ടതോഴിവിളിച്ചതേതും

കേട്ടതില്ലോമലാൾ, തന്നാത്മനാഥനെ
യോർത്തവൻചേവടിചേർന്നു കൊൾവാൻ

ആർത്തിപൂണ്ടങ്ങു നടന്നിടും നാരിമാ-
രോർക്കവതുണ്ടോപരിസരത്തെ!

അല്പാഗർഭാരം വഹിപ്പവരൊക്കയും
തത്രവന്നാശ്വാസമാർന്നുകൊൾവാൻ
മർത്യഗണത്തെയനുസ്മരിപ്പിക്കയാം,
ഉത്തുംഗമോഹനഗോപുരത്തിൽ
നിത്യവുമെന്നപോലന്നും മണിനാദം
തത്രമുഴങ്ങുകയായിതപ്പോൾ.

നീലാരവിന്ദായതാക്ഷിമാർ മൗലിയാൾ
ദേവാലയത്തിൽ കടന്നനേരം
അൽഭുത!മൽഭുത! മെന്തൊരുവിസ്മയം!!
അൽഭുതം! ഹാഹ!! വിചിത്രമല്ലോ!!
പള്ളിതന്നുള്ളിലായങ്ങൊരുതേജസ്സ
മല്ലാക്ഷിമാർമണികണ്ടിതപ്പോൾ!!
സ്വർഗ്ഗീയസർവ്വസൗന്ദര്യസമാഹാര
നിർഝരിചിന്തുന്നോരാര്യപുത്രൻ:
താബോർമലതന്നിൽ കന്യാതനൂജനാം
യേശുമഹേശ്വരനെന്നപോലെ!!
അത്ഭുതസ്തബ്ധയായക്കൊച്ചുകന്യയാൾ
നിൽക്കയിലപ്രഭാപൂരംമെല്ലെ
മാഞ്ഞുമാഞ്ഞങ്ങുമരുത്തിലൊളിക്കവേ
കണ്ടതിതെന്തുവിചിത്രജാലം!!

എന്നും തെരുവീഥിതന്നിൽപ്രസന്നനായ്
മന്ദമന്ദം ഭിക്ഷപ്പാത്രവുമായ്

കാണും ബനഡിക്റ്റലാബ്റെയങ്ങഹാ!
കാണുന്നിതെന്തു മഹേന്ദ്രജാലം!!

ചിന്തിയ്ക്കുമാനവാമന്നിൽ നീയെത്രതാഴ്
നിന്ദിതനാണെന്നവന്നാകിലും
ഇന്നുനിൻമാനസം സംശുദ്ധമെങ്കിലോ
പങ്കവിഹീനൻ പ്രപഞ്ചനാഥൻ
ഇക്ഷിതിപാലകനക്ഷയൻ പൂജിതൻ
നിസ്തുലതേജസ്സിന്നംശമായ് നീ!

## 2

മാനവമാനസം തന്നിൽത്തുളുമ്പി,യ-
ന്യൂനംപുറത്തേക്കൊലിച്ചുവീണ
ദീനാനുകമ്പതൻ വിദ്യുത് പ്രവാഹമേ-
ററാകാമാഗ്രാമദേശത്തിലെങ്ങും

വന്മരവൃന്ദങ്ങളിന്നുപരോപകാ-
രോന്മുഖരായ് നില്പതായിക്കാണ്മൂ.
ആയവർതൻസുഖശീതളച്ഛായയിൽ
മായമെഴാതെയഭയമേകി
പാലിച്ചിടുന്നു നിസ്സാരനാണെങ്കിലും
മാലിനുമേശാത്തപുല്ലൊടിയെ.

കാററിലുലഞ്ഞുതകർന്നുപോകാതവർ
കാത്തിടുന്നന്യൂനം തൈമരത്തെ.

ചുററിപ്പടർന്നുവളർന്നുകൊൾവാനായി
കൊച്ചുലതയ്ക്കു വരേകിമെയ്യും.

ശീതളപത്രത്തിൻകീഴിലായ് ചില്ലയിൽ
ഗീതങ്ങളാലപിച്ചാനന്ദിപ്പാൻ

പൈങ്കിളിവൃന്ദങ്ങൾ വന്നുവസിക്കുവാൻ
സമ്മതമേകിടുന്നാക്കുബേരർ.

മേഞ്ഞുനടന്നിട്ടുമാട്ടുമാടാദികൾ
വന്നങ്ങുവിശ്രമംതേടിക്കൊൾവാൻ

പത്രനിബിഡമാം വിസ്തൃതശാഖികൾ
തത്രവിരിച്ചവർ നിന്നിടുന്നു.

എങ്ങുമേ സൗഹൃദംതിങ്ങുമഗ്രാമമേ-
തങ്ങുവസിപ്പവരാരു,തത്ര

ചെന്നുനമുക്കാദ്ദേശത്തെവിശേഷങ്ങ
ളൊന്നുതിരക്കുകതന്നെയല്ലീ?

ഉത്തരഫ്രാൻസിലായ് നിഷ്കളങ്കാഭമാം
പ്രസ്തുതഗ്രാമം "അമററീസ്" കാണാം.

അങ്ങുതാകാണുന്ന വീഥിതൻപാർശ്വത്തിൽ
നിർമ്മലമാമൊരുരമ്യഹർമ്മ്യം.

ഹന്തകവാടത്തിൽ സങ്കോചമാന്നങ്ങ
നിന്നിട്ടം യാചകൻതന്നരികിൽ
വന്നചേന്നാനൊരു സുന്ദരബാലകൻ:
വിണ്ണിൽനിന്നെത്തിയ മാലാഖായോ!
അല്ലല്ല, മന്ദിരനാഥനാം 'ലാബറിൻ'
മംഗളദാമ്പത്യപ്പംവല്ലിയിൽ
ആദൎമായങ്ങവിരിഞ്ഞുവിടന്നോരു
കൊച്ചുബനഡിക്ററാണക്കിശോരൻ.
അച്ഛനമമ്മയും സമ്മാനമായ്നൽകും
കൊച്ചുനാണൎങ്ങളക്കോമളാംഗൻ
ഒന്നിച്ചുസൂക്ഷിച്ചുവച്ചിരുന്നത്തവ്വിൽ
വന്നിട്ടംഭിക്ഷുംക്കൾക്കേകമൊന്നായ്!
പിഞ്ചുകരങ്ങൾനിറഞ്ഞുമിന്നുന്നചെ-
ലഞ്ചുമാരുള്ളൊരുചില്ലറകൾ
അങ്ങതാഭിക്ഷുംവിൻകൈക്കമ്പിൾതന്നിലേ
ക്കൊന്നൊഴിയാതെ പകന്നിട്ടന്നു.
അപ്പാവത്തിൻമനമാനന്ദമാൎന്ന്ട
നത്തവ്വിൽതൂവിയോരശ്രുംബിന്ദു
തെററാതപ്പിഞ്ചുപദാംബുജംതന്നിവീ,-
ണപ്പൊഴുതായതു നീരാവിയായ്.

വിഷ്ണുപദത്തിവ്വയന്നുകണ്ടകൊ
ണ്ടെത്തീപവമാനനെങ്ങോനിന്നു്!
നിർവ്വാജസ്നേഹത്തിൻ നിമ്മലമോഹന
ദിവ്യസന്ദേശവുമായിമെല്ലെ
താരാപഥം തന്നിലേക്കുയന്നീടിന
നീരാവിയെപ്പുണന്നാശ്ശ്വാതാ
പാരിടമെമ്പാടും ചുററിയടിയ്ക്കവേ
താരും തലപ്പുമുണർന്നിതെങ്ങും!
ആ മഹൽ സന്ദേശസാരം ഗ്രഹിച്ചുടൻ
ത്തുമണം താവും പൂ തൂവികൊണ്ടു്
ആത്തകുതൂഹലം നത്തനം ചെയ്യുവ
മർത്ത്യകുമാരനു മംഗളമായ്!
വൃക്ഷശിഖകളിൽ വിശ്രമം തേടിയ
പക്ഷികളാനന്ദതുന്ദിലരായ്
തത്രമനോജ്ഞമായ് പാടുകയായേവം:-
"നിസ്തുലസ്നേഹമേ! നീ ജയിയ്ക്കൂ!!"
കണ്ടാലും മർത്ത്യരേ! കന്മഷമല്പവും
തീണ്ടാത്ത സ്നേഹത്തിൻ സൽഫലങ്ങൾ!
ഹന്തകുബേരാ! നീ തമ്പുരാൻതന്നുടെ
സമ്പത്തുതൻ 'ട്രസ്റ്റി' മാത്രമെന്നു

DHARMARAM COLLEGE LIBRARY, BANGALORE. 19737

ചിന്തിച്ചു വർത്തിയ്ക്കയാണെങ്കിലീവിശ്വ
മന്നൊരു സ്വർഗ്ഗമാമെന്നറിക.
നല്ലൊരു ദമ്പതിമാരവർ കുഞ്ഞിനെ
നന്നായ് വളർത്തുകമൂലമല്ലീ
സത്തമരായുള്ള മാനവർമദ്ധ്യത്തി
ലുത്തമന്നായവ നിന്നുകാണ്മൂ!
താതമാതാക്കൾനിനച്ചു വളർത്തുകി
ലേതു കുമാരരുമുത്തമരാം.
മാതാപിതാക്കളേ! നിങ്ങൾതൻമക്കളി
നേതു വിധത്തിലായ് തീർന്നുകാണ്മാൻ
ആശിപ്പൂനിങ്ങളതിനൊത്ത ജീവിത
മാചരിച്ചീടുവിനന്യൂനമായ്!

---

# 3

സംഹാരമൂർത്തിതൻ തൃക്കൺതുറന്നങ്ങ
സംഹനിച്ചീടുവാനെന്നപോലെ:
ഭാസ്കരൻ തന്നുടെ ജാജ്ജ്വലരശ്മിക—
ളാത്ത രോഷം മന്നിലേക്കയയ്ക്കെ,
മൂകമായ് മേദിനി ദീനയായ് മേവിനാൾ
ശോകാർത്തയായി പ്രകൃതിയപ്പോൾ.
പച്ചത്തലപ്പുകൾ തോറുമിരുന്നങ്ങ
സ്വച്ഛസംഗീതമൊഴുക്കിടുന്ന
പക്ഷികൾ പൈദാഹമാർന്നു വിവശരായ്
തത്ര തളർന്നുമയക്കമായി.

വററിവരണ്ടുകിടക്കമരുവിതൻ
വക്കിലണഞ്ഞു നിരാശരായി
തത്ര തിരഞ്ഞു നടന്നവലഞ്ഞേവ
മുഗ്രമാം ചൂടു സഹിച്ചിടാതെ
കത്തും വയറുമായ് കാലികളങ്ങിങ്ങു
വൃക്ഷച്ചുവടുകൾ പററിനില്പായ്.

തീവെയിലേററു തുണങ്ങളു ണങ്ങവേ
വേവുന്നിതാടുകൾക്കന്തരംഗം.
താരിൻ തളിരുകൾ വാടിത്തളന്നെങ്ങും,
മാരുതൻപോലുമിളച്ചു പോയി!
പാതകൾ ശൂന്യമായ് കാണുന്നു, പാന്ഥരെ
പ്പോലുമാതീവെയിൽ തോല്പിച്ചെന്നോ!

ഉച്ചക്കൊടും വെയിൽ കൂസാതെയങ്ങൊരു
കൊച്ചുകുമാരൻ മനോഹരാംഗൻ
അപ്പംനിറച്ചുള്ള കുട്ടയുമൗഷധ
ക്കുപ്പികളുമേന്തിയേകനായി
തത്രതിടുക്കത്തിൽ പോകുന്നിതാവെയി
ലേററു തീ പാറുമാവീഥിയൂടേ:
പണ്ടു ഗലിലേയബാലകൻ പാണ്ഡിത്യ
ഭാണ്ഡവുംപേറി 'ജെറൂസല'ത്തെ

പണ്ഡിതന്മാർക്കുവിജ്ഞാന ഭക്ഷണം
വേണ്ടപോലേകുവാനെന്നപോലെ.

ഒന്നുനിനച്ചുകൊണ്ടുള്ളിലുറച്ചെന്നാൽ
പിന്നിട്ടുപൂരുഷർ പിന്മാറുമോ!

പോകയാണങ്ങവൻ തന്നുടെനിർമ്മല
മോഹനസൗഹൃദ ധന്യമായി,

ഫ്രാൻസാം കുമാരിതൻ കുന്തളക്കെട്ടിന്മേൽ
ഭംഗിയിൽ ചൂടിയസൂനമായി,

മന്നിൽവിളങ്ങിയ ഗ്രാമത്തിലുഗ്രമായ്
വന്നോരുവേനൽവരുത്തിവെച്ച

ദാരിദ്ര്യദുഃഖമെന്നല്ലതിൻകൂട്ടായ
പാരിച്ച രോഗമിത്യാദിമൂലം

വിങ്ങും മനസ്സുമായാലംബഹീനരാ
യങ്ങു വസിച്ചീടുമാതുരരെ

ചെന്നുകണ്ടാശ്വസിപ്പിച്ചു പരിചരി-
ച്ചല്ലലകററിത്തുണച്ചുകൊൾവാൻ.

കോമളബാലനാരെന്നോ? ബെനഡിക്ററു
ലാബറല്ലാതെമററാരുമല്ല.

പാതവക്കത്തുള്ള മാമരച്ചില്ലയിൽ
പാതിയുറങ്ങിയിരുന്നിരുന്ന

പക്ഷികൾ പാനമനെവീക്ഷിച്ചറിഞ്ഞുടൻ
പക്ഷങ്ങളൊട്ടവിടത്തിനിന്ന്
നിസ്തുലസ്നേഹത്തിൻസത്തായ് വിളങ്ങമ
ക്കൊച്ചു കുമാരനെ നോക്കിയേവം
തത്രപുളകമണിഞ്ഞുമനോജ്ഞമായ്
കീർത്തിച്ചു:- "സ്വാഗതം സ്വാഗതം തേ!"

പാദപഛായയിൽ പാരം വിവശരായ്
ഖേദമാർന്നാങ്ങിങ്ങു നിന്നിരുന്ന
പങ്കവിഹീനരാം പൊന്നാജവത്സങ്ങൾ
തങ്കക്കുമാരനെ കണ്ടനേരം
ആതങ്കമാകവേവിസ്മരിച്ചങ്ങേവ
മോതുന്നു:- "മംഗളംമംഗളംതേ!"

മോഹനാകാരനാമപ്രഭുജാതൻതൻ
സ്നേഹാതിരേകത്തിലാകൃഷ്ടയായ്
പശ്ചിമദിക്കിൽ നിന്നൊത്തിയ കാർമുകി-
ലാശ്ചര്യമാന്നുകൊണ്ടംബരത്തിൽ
വന്നുനിരന്നപ്പോളക്കൻപരാജയം
സമ്മതിക്കുന്നുതൻ മ്ലാനതയാൽ.

---

പെട്ടെന്നുചൂടു ശമിച്ചെങ്ങുമേ, നിദ്ര
വിട്ടുണരുന്നുതൈത്തെന്നലപ്പോൾ.

മാമരവൃന്ദങ്ങളാതങ്കമുക്തരാ
യാമോദമാന്നുടൻ നൃത്തമാടി.
കൊച്ചുകുമാരൻതൻ സേവനത്തിൻമഹാ
ശക്തിയറിഞ്ഞു ദിനേശനപ്പോൾ
പശ്ചാത്തപിച്ചുപൊഴിച്ചുനേത്രാംബുഃ വാ,
സച്ചരിതാഢ്യനു കൈവന്നോരു
കമ്മലാഭത്തിങ്കലാനന്ദമാന്നുകൊ
ണ്ടംബരം തന്നിലെ ദേവതമാർ
തൂവിയോരാനന്ദബാഷ്പമോമാരിയും
ഭൂവിൽചൊരിഞ്ഞുംമതിവരെയും.

കാണുക കാണുക സോദരരേ! ഹന്ത
മാനവസേവനം തൻമഹത്വം!
സേവനം സേവനമൊന്നു താനുർവ്വിയിൽ
മാനവനെമഹാനാക്കിടുന്നു.
സേവനംസേവനമല്ലാതെമറെറന്തു
മാനവനുമന്നിൽ മുക്തിമാർഗ്ഗം:

# 4

ദേശാന്തരങ്ങളിൽ ക്രരിരുൾതപ്പുന്നോ
രേഴകൾക്കാലംബമേകീടാനായ്
പോകുവാനാകാശ മന്ദിരവാതിൽക്ക
ലാഗതനായ് ദിനനാഥയോഗി!
അങ്ങതാദ്ദൂരത്തുകാണുമാ “ടാപ്പിസ്‌റ്ററു”
സന്യാസമന്ദിരം തന്നിൽ നിന്നു്
മന്ദമന്ദംനടന്നാഗരായുവാവേകൻ
സുന്ദരാകാരനകന്നിടുന്നു.
തന്നുടെകർത്തവ്യമന്യൂനംപാലിപ്പാ
നംബികാദമരിതൻപക്കൽനിന്നു്
യാത്രയും ചൊല്ലിയിറങ്ങിയോരാത്യാഗ
മൂർത്തിയാമേശുമഹേശനെപ്പോൽ.

ആരിവനെങ്ങോട്ടുപോകുന്നിതിപ്പോഴെ
ന്നാരാഞ്ഞിടാംനമുക്കങ്ങുചെന്നു്.

നന്നായ്പരിത്യാഗംകൈവരിച്ചിക്ഷിതി
തന്നധിനാഥനാമേശുദേവൻ

തന്നെയനുഗമിച്ചീടുവാനായുറ
ച്ചങ്ങൊരുസന്യാസിയാകുവാനായ്

ചെന്നുകുറച്ചുനാൾതത്രവസിക്കവേ
തന്നുടെയന്തരംഗത്തിലേതോ

ചിന്തതറയ്ക്കയാലേറെ നിരൂപിച്ചു
മന്നിതിൽസാധുസഹോദരങ്ങൾ

തന്നുടെമദ്ധ്യത്തിലേശുമഹേശനെ
കണ്ടവരൊത്തു വസിച്ചുകൊൾവാൻ,

ആത്മജനത്തിനുശുശ്രൂഷചെയ്തുകൃ-
താർത്ഥനായ്സിദ്ധിയടഞ്ഞുകൊൾവാൻ,

അങ്ങനെ സത്യമായ് തന്നെതൻനാഥനാം
കന്യാതനൂജനെപ്പിന്തുടരാൻ,

നിശ്ചയം ചെയ്തുവമാലംബഹീനരാം
മർത്ത്യസഹോദരവൃന്ദത്തിൻെറ

മദ്ധ്യത്തിലേക്കങ്ങു, സർവ്വസുഖങ്ങളും
സത്യമായ്ത്തന്നെ വലിച്ചെറിഞ്ഞു്,

യാത്രതിരിച്ചതാണാമഞ്ജുളാകാരൻ
നിത്യസൗഭാഗ്യംകരസ്ഥമാക്കാൻ.

നിത്യനാമേശുമഹേശൻെറവിശ്വസ്ത
ഭൃത്യനായ് തീൎന്നോരിക്കോമളാംഗൻ

അല്ലേ, സമ്പന്നകുമാരൻബനഡിക്ററു
തന്നെ-ഹാ! ത്യാഗമേ! നീ ജയിക്കു!!

ചിന്തിക്കുസോദരാ! മന്നിൽനിരൂപിക്കി
ലിന്നുസനാതനസൗഖ്യമേകാൻ

എന്തുതാൻ മൎത്യനു, സമ്പത്തു സൗന്ദൎയ്യ
മെന്നല്ലാരോഗ്യസുഖങ്ങളെല്ലാം

ഒന്നൊഴിയാതെയീഭൂമിയിൽകൈവിട്ടു
വന്നവഴിക്കുഗമിക്കുവേണ്ടേ?

എന്തിനുപിന്നെയീലോകഭോഗ്യങ്ങളെ
സ്വന്തമാക്കീടാൻപണിപ്പെടേണം!

ഒന്നുധരിച്ചാലുംത്യാഗമേമാനവ
നന്യൂനസൗഭാഗ്യം കൈവരുത്തു.

എന്തിനല്ലെങ്കിലിയൂഴിയിലേക്കുനീ
യെന്തെങ്കിലുംകൊണ്ടുവന്നതുണ്ടോ?

എങ്കിലുംത്യാഗംവരിക്കുവാനോൎക്കുകി
ലെന്തോ, മനുഷ്യൻവിമുഖനത്രെ.

ഒന്നുമില്ലാത്തമനുജർക്കു ത്യാഗത്തിൻ-
പുണ്യമുരപ്പതിനേതൊരാളും
നല്ലസമർത്ഥനാണെങ്കിലുംതാനമ്പോ!
തെല്ലും ത്യജിപ്പാനൊരുക്കമില്ല.

'ഉള്ളവനല്ലേയുപേക്ഷിപ്പാനുള്ളു' വെ
ന്നുള്ളതൊരുത്തനുമോർക്കയില്ല.

അസ്ഥാനസാരോപദേശങ്ങൾ കേവലം
നിഷ്ഫലമെന്നല്ലശാപവുമാം.
എന്നതറിഞ്ഞുസ്വയംത്യജിച്ചീടുവാൻ
തന്നെമടിയാത്തുറയ്ക്കനെല്ലും!

## 5

മാരിയാംമാരകഷെല്ലുകൾതോരാതെ
താരാപഥത്തിൽനിന്നാരോനീചർ
ഭൂതലംതന്നിൽവർഷിക്കുകകാരണ
മാതങ്കമെങ്ങുംതിരയടിപ്പൂ!
മാരിവർദ്ധിക്കവേപാന്ഥന്മാർ പീടിക
തോറും കയറിനിരക്കുകയായ്
കൊച്ചുകുടയുമായ് കോച്ചും മഴയത്തു
മററു ചിലർനടകൊണ്ടിതപ്പോൾ.
നേരം കവിഞ്ഞതു കാണുകയാൽ ചിലർ
മാരിഗണിക്കാതിറങ്ങിമണ്ടി.

തെക്കനിന്നാങ്ങതെരുവിലൊരുയമി
ഭിക്ഷയെടുത്തുവരുന്നു, കണ്ടോ:

പണ്ടുഗലിലേയസുന്ദരാകാരൻ, ദേ—
ശാന്തരം തോറുംസ്വശിഷ്യരുമായ്
മന്നിതിൽ സ്നേഹസന്ദേശംപരത്തുവാ-
നുള്ളിൽനിനച്ചുനടന്നതുപോൽ.

മന്ദസ്മിതം തൂകുമാമുഖം, യോഗിതൻ
നിർമ്മലഹൃത്തിൻെറദർപ്പണംതാൻ.

ചെററ മുഷിഞ്ഞുനനഞ്ഞകുപ്പായംമെയ്
പററിയൊതുങ്ങിയതീവരമ്മ്യം!

മോഹനാകാരനാമായുവയോഗിയാർ?
ഹാഹ! ബനഡിക്ററലാബർതന്നെ.

അയ്യോ! മഹാപാപം! ആരീനരാധമ
നയ്യയ്യോ! കഷ്ടം! മിത്ഥ്യാനിന്ദ്യം!!

ശുദ്ധനാമായുവയോഗിയെ-യക്രമം!
തച്ചിടുന്നാഞ്ഞാഞ്ഞു നിഷ്ക്കരുണം!!

പണ്ടുകൽതൂണിന്മേൽകെട്ടി, യഹൂദന്മാർ
വിണ്ടലനാഥനെയെന്നപോലെ.

നല്ലൊരുസമ്പന്നനാണതാനെന്നാങ്ങ
വമ്പുനടിപ്പോരുവങ്കപ്രഭു,

എന്തുതാനിക്കൊട്ടുംക്രൂരതകാട്ടുവാൻ
ബന്ധമെന്നല്ലയറിഞ്ഞിടേണ്ടൂ!

സന്യാസിതന്നുടെപിച്ചച്ചിരട്ടയി
ലമ്മഹാൻ നീട്ടിയെറിഞ്ഞ ചില്ലി

താഴത്തുവീണതെടുത്തുയുവയോഗി
കൂടെത്തൻപിമ്പേനടന്നിരുന്നു

യാചകവൃന്ദത്തിലേകനു നൽകിയ
താണുപോൽ കാരണം! വിത്തഗർവ്വം!!

തുച്ഛമാം കൊച്ചുകാശൊന്നുമാത്രം താനാ
പിച്ചക്കാരന്നുകൊടുത്തതിനാൽ

പുച്ഛിച്ചുകൊണ്ടയാളായതുമറെറാരു
പിച്ചയ്ക്കുനല്കിയെന്നുള്ളിലോർത്തു്

മാന്യരിൽമാന്യനാം തന്നെനിന്ദിച്ചെന്നാ
സന്യാസിയിൽകുററം കണ്ടുവങ്കൻ!

വല്ലതും കാരണംചൊല്ലി, പ്പാവങ്ങളെ
തല്ലിത്തുലയ്ക്കുന്നിതെന്തുനീതി!

ആനീചകൃത്യം കണ്ടാകുലചിത്തനാ
യാദീതൻനാഴിൽ വീണുപോയി!

ഉദ്ധതനാംധനനാഥാ! നിന്നെക്കാളു
മെത്രസമുന്നതനല്ലീയോഗി?

അല്ലേ, ദുരഭിമാനം പുലർത്തിടുന്ന
വമ്പേറും സമ്പന്നാ! ചിന്തിച്ചാലും,

പോകേണം ഭൂതലംവിട്ടു നീവന്നാൾപോൽ
നാകാധിനാഥന്റെ സന്നിധിയിൽ.

നിത്യവിധിക്കങ്ങു നീയെത്തും നേരത്തിൽ
ഉദ്ധത! ഗർവ്വം ഫലിക്കാതെല്ലം

പോകട്ടെതൊക്കെ,യുലകിലിപ്പാവങ്ങ-
ളാകെയുണർന്നതും കാണുന്നിലേ?!

ഗർവ്വം,മഹന്തയുമിന്നേതുജിയ്ക്കുനീ
യുർവ്വിയിൽവർജ്ജിതനാകായ്‌വാനായ്!

സന്ന്യാസിതൻഭാവമെന്തെന്നറികത്തു
ചെന്നുനമുക്കൊന്നറികയല്ലീ?

തല്ലുകൊണ്ടെങ്കിലും തെല്ലും പരിഭവ
മില്ലെന്നുചൊല്ലുന്നിതാവദനാ!
"താത! പൊറുക്കേണമജ്ഞതമൂലമി
പ്പാതക മിന്നിവർ ചെയ്തിടുന്നു."
എന്നേവം കാൽവരിതന്നിൽ കുരിശിന്മേൽ
തൂങ്ങിക്കിടന്നുകൊണ്ടർത്ഥിച്ചോരു

കന്യാതനുജനെ പിൻതുടന്നീടുമാ
സന്യാസിതൻ നിലയന്യമാമോ!

"സ്നേഹിപ്പിൻ സേവിപ്പിൻത്യാഗം വരിയ്ക്കുവിൻ
പോരാ, സഹിക്കുവിൻ സന്തുഷ്ടരായ്"

ഏവമീലോകത്തെ യാഹ്വാനം ചെയ്തുകൊ
ണ്ടായമിയാനന്ദതുന്ദിലനായ്:

പൂവാടിതന്നിലിളങ്കാററടിയ്ക്കുകിൽ
പൂവുതിരുംപോൽ പൊഴിപ്പൂ ബാഷ്പം!

ഹന്ത സഹനമേ! നിന്നെവരിപ്പവ
ക്കെന്തില്ലമെന്നാളുമാനന്ദം താൻ!

---

## 6

പൃഥ്വിവെടിഞ്ഞിടാൻനേരമായ്, ഭാനുമാൻ
പശ്ചിമചക്രവാളത്തിലെത്തി.

നേരംകവിഞ്ഞതുകണ്ടുപഥികന്മാ-
രൂരിലേക്കാഞ്ഞുനടക്കകയായ്

മഞ്ജുളസംഗീതമാലപിച്ചങ്ങൊരു
പൂങ്കുയിൽ വാനിലുയന്നിതപ്പോൾ.

മന്ദാനിലനേതോ സന്ദേശവുംവഹി
ച്ചംബരംതന്നിൽനിന്നെത്തിത്തത്ര.

"നമ്മുടെ പുണർപാൻസ്വർല്ലോകം പൂകുവാ
നിമ്മഹിവിട്ടുപോയ് സോദരരേ!"

കൊച്ചുകുമാരർസഗദ്ഗദം കൂട്ടമാ
യുച്ചത്തിലേവം വിളിച്ചുചൊല്ലി,

റോമ്മാപ്പുരിയിലെ വീഥിയിലങ്ങതാ
മുന്നോട്ടുനീങ്ങുന്നിതെങ്ങോട്ടാവോ!

പോയീടിനേശ,നപ്പിഞ്ചുകിടാങ്ങൾതൻ
തായമാർതാതരും പാതയിങ്കൽ

തിങ്ങിനിറഞ്ഞുഹാ! ബാലകസംഘത്തിൻ
പിമ്പേ ഗമിക്കുകയായിതപ്പോൾ.

വീട്ടിലെത്തീടുവാനാർത്തിപൂണ്ടോടിയ
കൂട്ടരും കൂട്ടത്താൽക്കൂടുകയായ്!

ചന്ദ്രനും താരഗണങ്ങളുമന്നേര
മംബരവീഥിയിലാഗതരായ്!

അംബികാമേരിതൻ നാമത്തിലുള്ളോരു
സാന്താമരിയാ ദേവാലയത്തിൽ

വത്തികക്കൂട്ടത്തിൻ കാന്തിപൂരം കാണ്മൂ:
നക്ഷത്രമണ്ഡലമെന്നപോലെ.

തത്ര കാണുന്നിതാ സുന്ദരമാമൊരു
മർത്ത്യദേഹം ശവപ്പെട്ടിതന്നിൽ.

ആയിരമായിരമാം ബാലവൃദ്ധങ്ങ
ളായിടത്തെങ്ങുപാടും തിങ്ങിനിന്നു

പുഷ്പങ്ങൾ തൂവിനമിക്കുന്നിതാരുടെ
ശുദ്ധമനോഹരമേനിയാവോ!

കേവലം യാചകനായ് മന്നിലജ്ഞാത
ജീവിതമാചരിച്ചുന്നതനായ്

സ്വർഗ്ഗീയശുദ്ധി സമാർജ്ജിച്ചുധന്യനായ്
തീർന്ന ബനഡിക്ററലാബ്ബർതൻെറ

നിർമ്മലധനുമായുള്ളൊരുദേഹമാ
ണങ്ങു കാണുന്നൊരാപൂജ്യമേനി.

നിസ്തുലഭാഗ്യത്തിൻവിസ്തൃതരാജ്യത്തു
നിത്യനോടൊത്തുവസിക്കവാനായ്

ക്രിസ്തുവോടൊത്തുതൻക്രൂശുവഹിച്ചിട്ടു
നിത്യസമാധാനംകൈവരിച്ച

ധന്യൻ'ബനഡിക്റ്റുലാബരേ!' നീതന്നെ
മണ്ണിന്റെമക്കളിൽ 'ബുദ്ധിജീവി'!

ഈലോകയാത്രസഫലമായ് ചെയ്യുവാൻ
കാലേകരുതിയുറച്ചുകൊണ്ടേ,

മാലോകരേ! ബനഡിക്റ്റുതൻപിന്നാലെ
കാലംകളയാതെപോകയല്ലീ?

ഹന്ത'സമാധാനം'ആയതിനായിന്നാ
മെന്തെന്തുറക്കെ നിലവിളിപ്പൂ!

എന്തോ സമാധാനംലഭ്യമാകാൻ പ്രതി-
ബന്ധമെന്നാരാൻമാരാഞ്ഞുവോ?

'ശാന്തി'സഹോദരാ! നിൻമനഃശാന്തിതാൻ
ശാന്തിവേണെങ്കിൽ ത്യജിയ്ക്കുസ്വാർത്ഥം!

ശുഭം.

DHARMARAM COLLEGE LIBRARY.
19737
BANGALORE.

# ആരമ്പുളിഗ്രന്ഥാലയം
# പൂഞ്ഞാർ.

ശാശ്വതകലാമൂല്യമുൾക്കൊള്ളുന്നതും സാഹിത്യ
ധർമ്മമർമ്മജ്ഞരുടെ സമ്മതി ലഭിച്ചിട്ടുള്ളതുമായ വിശിഷ്ട
ഗ്രന്ഥങ്ങൾ പ്രസിദ്ധപ്പെടുത്തുന്ന

സ്ഥാപനം.

## തയ്യാറായിവരുന്നു

# "പറുദീസായിലേക്ക്"

മർത്ത്യവംശത്തിനു നഷ്ടപ്പെട്ട ഭൗതിക സൗഭാഗ്യം എങ്ങനെ വീണ്ടെടുക്കാമെന്നു്; പറുദീസായിലേക്കു വിരൽ ചൂണ്ടിക്കൊണ്ടു്; ആധുനിക ലോകത്തിനു മാർഗ്ഗനിർദ്ദേശം നൽകുന്ന ഒരു വിശിഷ്ടഗ്രന്ഥം.

DC Library
*00019737*
T61 AR13

# യാചകൻ

ആരമ്പുളി

T61
Ar 13

Indic Digital Archive Foundation
gpura.org